പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1024 08.01.2014 ലെ മറുപടിക്ക്

# അടൂരിൽ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങിയതിലെ അപാകത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | അടൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വാസഗൃഹം നിർമ്മിക്കാൻ നഗരസഭ വാങ്ങി നൽകിയ ഭൂമി ചതുപ്പ നിലമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | (എ) | പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 2011-12 സാമ്പത്തിക വർഷം അടൂർ മുൻസിപ്പൽ പ്രദേശത്ത് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത ഭൂമി ഗുണഭോക്താക്കൾ വാങ്ങിയതായും പദ്ധതി നിർവ്വഹണത്തിൽ വകുപ്പ് പട്ടികജാതി വികസന ഓഫീസർക്ക് വീഴ്ച പറ്റിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;<br>ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമി വാസയോഗ്യമാണെന്നും, വഴി സൗകര്യം, ജല ലഭ്യത തുടങ്ങിയവ ഉറപ്പാക്കി പ്രസ്തുത ഭൂമി വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് അനുമതി നൽകി, വസ്തു വാങ്ങി രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് വസ്തുവിന്റെ വില വസ്തു ഉടമയ്ക്ക് നൽകുകയുമാണ് ചെയ്തുവരുന്നത്.<br>40 ഗുണഭോക്താക്കൾ കണ്ടെത്തിയ സ്ഥലം 4 വസ്തു ഉടമകളുടേതായി ഒരുമിച്ച ചേർന്ന് കിടക്കുന്ന 1 ഏക്കർ 21 സെന്റ് സ്ഥലമാണ്. പ്രസ്തുത സ്ഥലത്തിൽ 20 സെന്റ് ഒഴിച്ചുള്ള സ്ഥലം വാസയോഗ്യമല്ലാത്തതും ആധാരത്തിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും മണ്ണിട്ട് നികത്തി ഉറപ്പിച്ചതിനുശേഷം മാത്രം ഭവന നിർമ്മാണം സാദ്ധ്യമാകുന്നതുമായ ഭൂമിയാണ്. |

| | | | |
|---|---|---|---|
| (ബി) | അതിനായി എത്ര തുക ചെലവഴിച്ചു ; ആരൊക്കെയാണ് ഈ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | പദ്ധതി നിർവ്വഹണം നടത്തിയ കാലയളവിൽ ഭൂമി വാങ്ങുന്നതിന് നഗരസഭാ പ്രദേശത്ത് കുറഞ്ഞത് 1½ സെന്റ് വാങ്ങുന്നതിന് 90,000/- രൂപയും പഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് വാങ്ങുന്നതിന് 75,000/- രൂപയുമാണ് അനുവദിച്ചിരുന്നത്.<br>40 ഗുണഭോക്താക്കൾക്കായി 35,55,000/- രൂപയാണ് ചെലവഴിച്ചത്. (37x90000 +3x75000)<br>അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വിശദ വിവരം ലഭ്യമാകുകയുള്ളൂ. |
| (സി) | ക്രമക്കേടും തട്ടിപ്പും നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | (സി) | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബ്ലോക്ക് പട്ടികജാതി വികസന ആഫീസറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ